# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 568

29-06-2015-ൽ മറുപടിക്ക്

## വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നു അറിയിക്കാമോ ; അവയിൽ ഏതെല്ലാം സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും ഏതെല്ലാം ലാഭത്തിലാണെന്നും വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ഐ.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്നവ, ലാഭത്തിൽ പ്രവർത്തിക്കുന്നവ തുടങ്ങിയവയുടെ വിശദവിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.<br><br>സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിലെ വ്യവസായ യൂണിറ്റുകളുടെ വിശദ വിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.<br><br>ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ലൈറ്റ് എഞ്ചിനീയറിംഗ്, ഫുഡ് പ്രോഡക്ട്, ഫർണിച്ചർ യൂണിറ്റുകൾ, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, സിമന്റ് അധിഷ്ഠിത വ്യവസായങ്ങൾ, പ്രിന്റിംഗ് വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിൽ 51989 വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയിൽ നിലവിൽ 51332 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്കുകൾ ശേഖരിച്ചിട്ടില്ല. |

(ബി) ആലപ്പുഴ ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതും ഇപ്പോഴും ലാഭകരമായി പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നു വിശദമാക്കുമോ ; ഇവയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നറിയിക്കുമോ ?

(ബി) ആലപ്പുഴ ജില്ലയിൽ കെ.എസ്.ഐ.ഡി.സി. മുഖാന്തിരം ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതും, ലാഭകരമായി പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളും, അതിലെ തൊഴിലാളികളുടെ എണ്ണവും ചുവടെ നൽകുന്നു.

| പ്രവർത്തനം ആരംഭിച്ചവ | ഇപ്പോൾ പ്രവർത്തിക്കുന്നവ | ലാഭത്തിൽ പ്രവർത്തിക്കുന്നവ | തൊഴിലാളികൾ |
|---|---|---|---|
| Foodco Delicious Pvt. Ltd. | ✓ | ✓ | 60 |
| B3 Equipments Pvt. Ltd | ✓ | ✓ | 60 |

ഈ സർക്കാരിന്റെ കാലയളവിൽ സിഡ്കോയുടെ ആലപ്പുഴ ജില്ലയിലെ ചേർത്തല വ്യവസായ എസ്റ്റേറ്റിൽ M/s പ്രീമിയർ ഇലക്ട്രോ കോട്ട്സ്, M/s തങ്കപ്പൻ കയർ വർക്ക്സ് എന്നീ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയിൽ ആകെ 23 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. പ്രസ്തുത യൂണിറ്റുകൾ സിഡ്കോയുടെ ഉടമസ്ഥതയിലല്ലാത്തതിനാൽ ലാഭത്തിന്റെ വിവരം ലഭ്യമല്ല.

ആലപ്പുഴ ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ആരംഭിച്ച 3047 വ്യവസായ യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളിൽ 11020 തൊഴിലാളികൾ ജോലി ചെയ്യുന്നു.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ